**Volume 06**
**Issue 42**
13 March, 2016
**Nombukalam VI**

**Gen 19:15-26**
**Josh 21:43-22:5**
**Rom 14:13-23**
**Jn 10:11-18**




# നല്ല ഇടയനെ അനുഗമിക്കുക



Rev Bro
Shibhu
Kumbakattu

വി. നോമ്പിന്റെ ദിവസങ്ങളിലൂടെ നാം കടന്നു പൊയ്ക്കൊണ്ടിരിക്കുകയാണ്. നോമ്പുകാലം എന്നു പറയുന്നത് കുരിശിനെ അനുഗമിക്കുന്ന കാലഘട്ടമാണ്. ഇന്നത്തെ തിരുവചനത്തിൽ നാം കാണുന്നത് തന്റെ സംരക്ഷണത്തിലുള്ള അജഗണത്തിനായി ജീവൻ പോലും സമർപ്പിക്കുന്ന നല്ലയിടയനാണെന്ന് ഈശോ സ്വയം സാക്ഷ്യപ്പെടുത്തുന്നതാണ്.

പഴയനിയമത്തിൽ യഹോവയെ നല്ല ഇടയനായി ചിത്രീകരിക്കുന്ന പല ഭാഗങ്ങളും ഉണ്ട്. 23-ാം സങ്കീർത്തനം ഒരു നാളും എന്നെ കൈവിടാതെ സന്തതസഹചാരിയായിരിക്കുന്ന ദൈവത്തിന്റെ സജീവ സാന്നിധ്യത്തെ ഏറ്റു പറയുന്നു. ശക്തവും ആഴവുമായ യഹോവയുടെ സജീവസാന്നിധ്യം വേഗത്തിന്റെയും മരണത്തിന്റെയും അനുഭവങ്ങളിൽ സുരക്ഷിതത്വബോധവും ധൈര്യവും നൽകുന്നു.

ഒരു വേനൽക്കാലത്ത് പുൽമേടുകൾ ഉണങ്ങിതുടങ്ങിയപ്പോൾ, നീർച്ചാലുകൾ വറ്റിവരണ്ടപ്പോൾ, തന്റെ ആടുകളുമായി ഇടയന് ഉൾവനത്തിലേയ്ക്കു പോകേണ്ടി വന്നു. ഇടയന് അറിയാം ഉൾവനങ്ങളിൽ ചെന്നായ്ക്കൾ ഉണ്ടാകുമെന്ന്. അതുകൊണ്ട് കരുതലോടെയാണ് അയാൾ ആടിനെ കൊണ്ടുപോയത്. പെട്ടെന്ന് ഇടയൻ ആ കാഴ്ച കണ്ടു. തന്റെ ആടുകളെ തിന്നുവാനായി വിശന്നു വലഞ്ഞുവരുന്ന ചെന്നായ്ക്കളെ കണ്ടു. ഇടയൻ തീരുമാനിച്ചു. എങ്ങനെയെങ്കിലും തന്റെ ആടുകളെ രക്ഷിക്കണം. അതിന് ആ ഇടയൻ ചെയ്തത് തന്റെ സഞ്ചിയിൽ സൂക്ഷിച്ചിരുന്ന ആട്ടിൻ തോലെടുത്തു ശരീരത്തിൽ വച്ചു പിടിപ്പിച്ചു. ചെന്നായ്ക്കൾ ആടിൻകുട്ടിയാണെന്നു കരുതി ഇടയന്റെ മാംസം തിന്നു. രക്തം കുടിച്ചു. ഇത് സ്വന്തം ആടുകൾക്കുവേണ്ടി ജീവൻ ഹോമിച്ച ഇടയന്റെ ചിത്രം. ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്ന ഈശോയെക്കുറിച്ചു ധ്യാനിക്കുമ്പോൾ ഇടയന്റെ 3 പ്രത്യേകതകളാണു നാം കാണുക.

ഇടയന്റെ ഒന്നാമത്തെ പ്രത്യേകത അറിയുന്ന സ്നേഹമാണ്. യോഹ 10-15 "ഞാൻ എനിക്കുള്ളവയെയും എനിക്കുള്ളവഎന്നെയും അറിയുന്നു". ഈ അറിവിനു രണ്ടുതലമുണ്ട്.

പരസ്പരം അറിയുന്ന സ്നേഹം രണ്ടാമത്തെ തലം പിതാവറിയുന്നതുപോലെ ഇടയന്റെ രണ്ടാമത്തെ പ്രത്യേകത ജീവനർപ്പിക്കുന്ന സ്നേഹമാണ്. മനുഷ്യൻ ദാനം ചെയ്യുന്നത് അവർക്കു വേണ്ടാത്തതും താൽപര്യമില്ലാത്തതുമാണ്. നമുക്കു ഉപയോഗമില്ലാത്തതും വസ്ത്രങ്ങളും മറ്റും അനാഥാലയങ്ങളിലേയ്ക്കും ദുരിതബാധിതർക്കും കൊടുത്തിട്ട് ദാനം ചെയ്ത സന്തോഷത്തിൽ ജീവിക്കുമ്പോൾ ദൈവമാകട്ടെ ഏറ്റവും വിലപ്പെട്ടവ നൽകുന്നു. അവിടുന്നു തന്റെ പുത്രനെ നല്കി നമ്മെ സ്നേഹിക്കുന്നു.

ഇടയന്റെ മൂന്നാമത്തെ പ്രത്യേകത എല്ലാ ആടുകളോടുമുള്ള സ്നേഹമാണ്. ഇടയന്റെ മുൻപിൽ എല്ലാ ആടുകളും ഒരുപോലെയാണ്. മുടന്തുള്ളതിനെയും മുറിവേറ്റതിനെയും അവൻ ഹൃദയത്തോടു ചേർത്തു വയ്ക്കുന്നു. യോഹന്നാൻ സുവിശേഷം 10-12ൽ വായിക്കുന്നു. “ഇടയനല്ലാത്തവനും ആടുകൾ സ്വന്തമല്ലാത്തവുനുമായ കൂലിക്കാരൻ ചെന്നായ്ക്കൾ വരുന്നതു കാണുമ്പോൾ ആടുകളെ ഉപേക്ഷിച്ച് ഓടിപ്പോകുന്നു. ചെന്നായ് വന്ന് അവയെ പിടിക്കുകയും ചിതറിക്കുകയും ചെയ്യുന്നു.” ഇടയനോടു ചേർന്നിരിക്കുവാനും ഇടയനാൽ നയിക്കപ്പെടാനും വിളിക്കപ്പെട്ടവരാണു നാം ഓരോരുത്തരും. ഇടയനെ അനുഗമിക്കുന്ന ആടുകൾക്ക് ഒരിക്കലും ലക്ഷ്യം തെറ്റുകയില്ല. ഇടയന്റെ വഴിയെ നടക്കാത്തവന് ജീവൻപോലും നഷ്ടമാകും.

ഇന്നത്തെ സുവിശേഷം നമുക്കുതരുന്ന സന്ദേശം നല്ല ഇടയനായ ഈശോയോടു ചേർന്നു ജീവിക്കുക എന്നതാണ്. യേശുവിന്റെ സ്വരം ശ്രവിക്കുന്ന അവന്റെ പിന്നാലെ പോകുന്നവരായി നാം മാറണം. മനുഷ്യന് തിന്മയുടെ വഴി കാണിക്കുന്ന വ്യാജ ഇടയന്മാരും ഈ കാലഘട്ടത്തിൽ ധാരാളമുണ്ട്.

ലോകാവസാനത്തെക്കുറിച്ചും രക്ഷയെക്കുറിച്ചും പ്രബോധനങ്ങൾ നൽകി അനേകരെ വഴിതെറ്റിച്ചു എംബറൽ എമ്മാനുവേൽ ട്രസ്റ്റ് അടുത്ത കാലത്ത് പിളരുകയും അബദ്ധം മനസ്സിലാക്കിയ ആളുകൾ കത്തോലിക്കാ സഭയിലേയ്ക്കു തിരികെ വരുകയും ചെയ്തു. ആളുകൾ അനുഗമിച്ചത് വ്യാജ ഇടയന്മാരാണെന്നുള്ള തിരിച്ചറിവാണു ക്രിസ്തുവിന്റെ യഥാർത്ഥ ആലയമായ തിരുസഭയിലേയ്ക്കു തിരികെ വരാൻ അവർക്കു പ്രേരകമായത്. ഇത്തരം വ്യാജ ഇടയന്മാർ ആദിമ സഭയുടെ കാലം മുതലേ ഉണ്ടായിരുന്നു. അധരം കൊണ്ടു മാത്രം ദൈവത്തെ സ്നേഹിക്കുന്നവരും അജഗണത്തെ കടിച്ചു കീറുന്ന ചെന്നായ്ക്കളുമാണ്. നല്ല ഇടയനായ ക്രിസ്തുവിന്റെ സ്വരം തിരിച്ചറിയാനും അവന്റെ ആലയമായ തിരുസഭയോടു ചേർന്നു നിൽക്കാനും കഴിയുമ്പോഴാണു ആളുകൾ നല്ല ആടുകളാകുന്നത്.

നോമ്പിന്റെ ദിവസങ്ങളിൽ നല്ല ഇടയന്റെ ജീവിതം നമുക്കു മാതൃകയാകട്ടെ. നാമെല്ലാവരും ചെറുതും വലുതുമായ ഇടയധർമ്മം നിർവഹിക്കുന്നവരാണ്, ഒപ്പം ആടുകളും. മാതാപിതാക്കൾ കുടുംബത്തിലെ ഇടയന്മാരാണ്. മക്കൾ ആടുകളും. എപ്പോഴും മക്കളോടുകൂടെ ചരിക്കുന്ന, അവരെ മനസിലാക്കുന്ന നല്ല ഇടയന്മാരാകട്ടെ മാതാപിതാക്കൻമാർ. നാം ജീവിക്കുന്ന ഈ ചുറ്റുപാടുകളിൽ സഹോദരങ്ങളുടെ നന്മയും വളർച്ചയും ആഗ്രഹിക്കുന്ന നല്ല ഇടയൻമാരാകാൻ നമുക്കാവട്ടെ.